"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കേരള കർഷക ക്ഷേമനിധി ബോർഡ് - 13/10/2023 -ൽ കാലാവധി പൂർത്തിയാക്കിയ കേരള കർഷക ക്ഷേമനിധി ഡയറക്ടർ ബോർഡിന് തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(കൈ) നം.106/2023/AGRI തീയതി,തിരുവനന്തപുരം, 06-11-2023

---

പരാമർശം:-

1. എസ്.ആർ.ഓ നമ്പർ 708/2020, തീയതി 14/10/2020
2. എസ്.ആർ.ഓ നമ്പർ 294/2022, തീയതി 26/03/2022
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ് -ന്റെ 30/09/2023 ലെ 147/A1/2023/KFWFB നമ്പർ കത്ത്.

## ഉത്തരവ്

2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26 -ാം ആക്ട്) 11-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം കർഷക ക്ഷേമനിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി ചെയർപേഴ്സണെയും, ബോർഡ് ഡയറക്ടർമാരെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ഉൾപ്പെടുത്തി പരാമർശം (1)- പ്രകാരം 'കേരള കർഷക ക്ഷേമനിധി ബോർഡ്' രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

2) കേരള കർഷക ക്ഷേമനിധി ആക്ട് , 2019 ന്റെ വകുപ്പ് 13(1) പ്രകാരം ഒരു അനൗദ്യോഗിക ഡയറക്ടറുടെ കാലാവധി ചുമതലയേറ്റതു മുതൽ 3 വർഷമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള ബോർഡ് ചെയർമാന്റെയും മറ്റ് അനൗദ്യോഗിക ഡയറക്ടർമാരുടെയും (പരാമർശം (2) പ്രകാരം നിയമിതരായ ശ്രീമതി രാഖി സക്കറിയ, ശ്രീ. വി.എം.ഷൗക്കത്ത് എന്നിവർ ഒഴികെ) കാലാവധി 13/10/2023-ന് അവസാനിക്കുന്നു എന്നും ആയതിനാൽ നിലവിലെ ബോർഡിന്റെ കാലാവധി സർക്കാരിന്റെ പരിഗണനയിലുള്ള കേരള കർഷക ക്ഷേമനിധി പദ്ധതി രേഖ, സ്റ്റാഫ് പാറ്റേൺ എന്നിവ അംഗീകരിച്ച് ബോർഡ് പ്രവർത്തനക്ഷമമാകുന്നതു വരെ നീട്ടി നൽകണമെന്നും പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള കർഷക ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനം മുൻനിർത്തി, 13/10/2023-ൽ കാലാവധി പൂർത്തിയാക്കിയ നിലവിലെ കേരള കർഷക ക്ഷേമനിധി ഡയറക്ടർ ബോർഡിന്റെ കാലാവധി 14.10.2023 തീയതി മുതൽ ഇനിയൊരു ഉത്തരവുണ്ടാകുന്നത് വരെ നീട്ടി നൽകികൊണ്ട് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക ക്ഷേമനിധി ബോർഡ്, ആനയറ, തിരുവനന്തപുരം

എല്ലാ കേരള കർഷക ക്ഷേമനിധി ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (സിഇഒ, കർഷക ക്ഷേമനിധി ബോർഡ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-PB1/238/2023)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.